**പതിനാലാം കേരളനിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2833** 10/03/2017 -ൽ മറുപടിയ്ക്ക്

**സർട്ടിഫിക്കറ്റുകൾ തിരുത്താൻ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പരീക്ഷാ ഭവനിൽ സർട്ടിഫിക്കറ്റുകൾ തിരുത്തലുമായി ബന്ധപ്പെട്ട അപേക്ഷകളിൻമേൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പരീക്ഷാ ഭവനിൽ സാധാരണഗതിയിൽ അപേക്ഷിച്ച് 3 മാസത്തിനകം സർട്ടിഫിക്കറ്റുകൾ തീർപ്പാക്കി നൽകാറുണ്ട്. അടിയന്തിര പ്രാധാന്യമുള്ളവ വളരെ വേഗത്തിൽ തന്നെ ചെയ്തു നൽകാറുണ്ട്. |
| (ബി) സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തന്നെ തീർപ്പാക്കി നൽകാറുണ്ട്. |
| (സി) EX/H/44601/2016/CGE എന്ന ഫയലിന്മേലുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്; ആയതിന്മേലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (സി) EX/H/44601/2016/CGE ഫയൽ നമ്പർ പ്രകാരം ലഭിച്ച അപേക്ഷ എന്തിന് വേണ്ടിയുള്ളതാണ് എന്ന് സൂചിപ്പിച്ചിട്ടില്ല. അതിനാലാണ് മറുപടി നല്കുന്നതിന് കാലതാമസം നേരിട്ടത്.ശ്രീമതി.വർഷ.എസ്.ആർ എന്ന വിദ്യാർത്ഥിനിയാണ് പ്രസ്തുത അപേക്ഷ നൽകിയത്. |
| (ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സർട്ടിഫിക്കറ്റ് എന്നത്തേക്ക് നൽകാൻ സാധിക്കും എന്നറിയിക്കാമോ? | (ഡി) രജിസ്റ്റർ നം. 16063782 ജൂൺ 2016 പ്രകാരം കെ.ജി റ്റി പരീക്ഷയെഴുതിയ ശ്രീമതി.വർഷ. എസ്.ആർ ന് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് എന്നിവ പരീക്ഷാഭവനിൽ നിന്നും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ